compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2022 ഫെബ്രുവരി 22
**Tuesday, 22nd February 2022**

1197 കുംഭം 10
**10th Kumbham 1197**

1943 ഫാൽഗുനം 3
**3rd Phalguna 1943**

വാല്യം 11
**Vol. XI**

നമ്പർ / **No.** } **8**

## Part III

# Harbour Engineering Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>പരസ്യം</u>

നമ്പർ എ2-2184/2015/ഇഇ. 2022 ജനുവരി 21.

കോഴിക്കോട് ജില്ലയിലെ ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിൽ 3 മിൽമാബൂത്ത് കുറഞ്ഞത് ഒരു വർഷം മുതൽ പരമാവധി അഞ്ചു വർഷം വരെ നടത്തുന്നതിന് സ്റ്റാളുകൾ അനുവദിച്ചു കൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

മേൽ സംരംഭം തുടങ്ങാൻ താൽപര്യമുള്ള മത്സ്യത്തൊഴിലാളികൾ, വിമുക്തഭടൻമാർ, മത്സ്യത്തൊഴിലാളി വനിതകൾ, തൊഴിൽരഹിതർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ എന്നിവരിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

അപേക്ഷാ ഫോറം പുതിയാപ്പയിലുള്ള ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്ന് 2-3-2022 മുതൽ 9-3-2022 വരെ പ്രവർത്തി ദിവസങ്ങളിൽ പ്രവർത്തി സമയത്ത് ഫോറത്തിന്റെ വിലയായ ₹ 100 അടച്ച് രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷകൾ 17-3-2022-ാം തീയതി 4 മണിയ്ക്ക് മുമ്പായി ഇതേ ഓഫീസിൽ ലഭിച്ചിരിയ്ക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ₹ 6-ന്റെ തപാൽ സ്റ്റാമ്പ് പതിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവർ അടക്കം ചെയ്യേണ്ടതാണ്.

അർഹരായവരെ കണ്ടെത്തുന്നതിന് ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റി അപേക്ഷകരെ അറിയിച്ച് നൽകി ഇന്റർവ്യൂ നടത്തുന്നതും 1-4-1997-ലെ സർക്കാർ ഉത്തരവ് നമ്പർ 150/97 പ്രകാരം വാടക അടിസ്ഥാനത്തിൽ സ്ഥലം അനുവദിക്കുന്നതുമായിരിക്കും.

ഇന്റർവ്യൂവിനുള്ള തീയതിയും സ്ഥലവും അപേക്ഷകരെ നേരിട്ട് അറിയിക്കുന്നതാണ്. ഈ സമയത്ത് സർട്ടിഫിക്കറ്റിന്റെ/മറ്റ് രേഖകളുടെ അസ്സൽ പരിശോധനയ്ക്ക് തരേണ്ടതാകുന്നു.

നിലവിൽ കാലാവധി കഴിഞ്ഞവർക്കും നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഈ നോട്ടീസ് പ്രകാരം ഈ ഓഫീസിൽ നിന്നും നിർദ്ദിഷ്ട സമയത്തിനുള്ളിൽ നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. മുൻ കാലങ്ങളിൽ ലഭിയ്ക്കുന്നതോ, അവസാന തീയതിയായ 17-3-2022-ന് ശേഷം ലഭിക്കുന്നതോ ആയ അപേക്ഷകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ,
പി. ഒ. എലത്തൂർ, കോഴിക്കോട്-673 303.
ടെലഫോൺ/ഫാക്സ്-0495 2460340.

(ഒപ്പ്)
എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരള ഗവർണർക്കുവേണ്ടി).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.02.22 02:30:55 +05:30